➯ *അവരുടെ മുൻകാല ഇടപെടലുകൾ ആത്മാർത്ഥമായിരുന്നില്ല എന്നു തന്നെയാണ് ബോധ്യമാകുന്നത്* ➯

# ജീവിതത്തേയും സമരത്തേയും അവർ ചേർത്തുനിർത്തി


**അറുമുഖൻ പത്തിച്ചിറ**

(ജനറൽ കൺവീനർ, പ്ലാച്ചിമട ഐക്യദാർഢ്യ സമിതി)



**1.** കൊക്കക്കോളയുടെ സ്വാധീനശേഷി വർദ്ധിച്ചതുകൊണ്ട് മാത്രമാണ് പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാകാതെ പോകുന്നത് എന്ന് പറയാൻ കഴിയില്ല. കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കുന്ന സർക്കാർ നയമാണ് കോളയുടെ സ്വാധീന ശേഷി വർദ്ധിക്കാനുള്ള മുഖ്യ കാരണം. കോർപ്പറേറ്റുകൾക്കെതിരെ ഭരണകൂടത്തിന് നിലപാടില്ലാത്തതുകൊണ്ടാണ് കോളയ്ക്ക് അവരെ സ്വാധീനിക്കാൻ കഴിയുന്നത്. അതുകൊണ്ടാണ് ട്രിബ്യൂണൽ നിയമമാകുന്നത് തടയാൻ അവർക്ക് കഴിയുന്നത്. ഭരണകൂടത്തിന് ഇക്കാര്യത്തിൽ വ്യക്തമായ നിലപാടുണ്ടായിരുന്നെങ്കിൽ കോളയുടെ സ്വാധീനങ്ങൾ ദുർബലമാകുമായിരുന്നു.

**2.** പ്ലാച്ചിമട സമരം ദുർബലമായി എന്ന് പറയാൻ കഴിയില്ല. കൊക്കക്കോളയ്ക്ക് നഷ്ടമായ വിപണി ഏറെക്കുറെ തിരിച്ചുപിടിക്കാൻ കഴിഞ്ഞു എന്നത് വാസ്തവമാണ്. പ്ലാച്ചിമട സമരം ശക്തമായിരുന്ന സമയത്താണ് അവരുടെ വിപണിയിൽ കാര്യമായി ഇടിവുണ്ടായത്. എന്നാൽ സമരത്തിന്റെ ശക്തികുറഞ്ഞതുകൊണ്ടാണ് അവർക്ക് മടങ്ങിവരവ് സാധ്യമായത് എന്നത് ശരിയായ നിരീക്ഷണമല്ല. കേരളീയ സമൂഹത്തിൽ ഇപ്പോഴും കൊക്കക്കോളയോടുള്ള പൊതു സ്വീകാര്യത നിലനിൽക്കുന്നു എന്നാണ് അവരുടെ മടങ്ങിവരവിൽ നിന്നും ഞാൻ മനസ്സിലാക്കുന്നത്. സമരം ശക്തമായിരുന്ന ഘട്ടത്തിൽ ആ സ്വീകാര്യത പത്യക്ഷമായി പ്രകടിപ്പിക്കാൻ പലരും തയ്യാറായില്ല എന്നു മാത്രം. കേരളത്തിലെ രാഷ്ട്രീയ പാർട്ടികളെല്ലാം കൊക്കക്കോളയ്ക്കെതിരെ ശക്തമായ നിലപാട് സ്വീകരിച്ചവരാണ്. അവഗണിക്കാൻ കഴിയാത്ത തരത്തിലുള്ള സമരം ഉയർന്നുവന്നപ്പോഴുള്ള പിന്തുണ മാത്രമായിരുന്നു അതെല്ലാം. അതുകൊണ്ടാണല്ലോ ഇപ്പോൾ അവരൊന്നും പ്ലാച്ചിമടയുടെ കാര്യത്തിൽ നിലപാടെടുക്കാത്തത്. അവരുടെ ഈ നിലപാടില്ലായ്മ കാരണമാണ് പ്ലാച്ചിമടയിലെ അതിജീവന പോരാട്ടത്തിന് മുന്നിൽ മുട്ടുമടക്കിയിട്ട് പോലും കോളയ്ക്ക് ഇപ്പോഴും കരുക്കൾ നീക്കാൻ കഴിയുന്നത്. രാഷ്ട്രീയ പാർട്ടികൾ അവരുടെ മുഖം രക്ഷിക്കാൻ വേണ്ടിയാണ് പ്ലാച്ചിമട സമരത്തെ പിന്തുണച്ചത് എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. സി.പി.എമ്മും ജനതാദളുമെല്ലാം സജീവമായി സമരത്തിലുണ്ടായിരുന്ന കക്ഷികളാണ്. പക്ഷെ ഇപ്പോഴത്തെ അവരുടെ നിലപാട് കാണുമ്പോൾ അവരുടെ മുൻകാല ഇടപെടലുകൾ ആത്മാർത്ഥമായിരുന്നില്ല എന്നു തന്നെയാണ് ബോധ്യമാകുന്നത്.

**3.** തദ്ദേശീയ ജനതയുടെ പങ്കാളിത്തം സമരത്തിൽ കുറഞ്ഞിട്ടില്ല. കോള കമ്പനി അടച്ചുപൂട്ടിയിട്ടും സമരം മുന്നോട്ട് വച്ച ലക്ഷ്യങ്ങളെല്ലാം നേടുന്നതിനായി സമരം തുടരുന്നവരാണ് പ്ലാച്ചിമട ജനത. ഇന്നും സമര പരിപാടികൾക്കെല്ലാം നിരവധി പേർ പ്ലാച്ചിമടയിൽ നിന്നും എത്താറുണ്ട്. ഞാനുൾപ്പെടെയുള്ള സമര നേതൃത്വം സമരത്തോടുള്ള പ്രാദേശിക ജനതയുടെ പ്രതിബദ്ധതയെ മുന്നോട്ട് കൊണ്ടുപോകാത്തതാണ് തടസ്സമായി നിൽക്കുന്നത്. പ്രാദേശിക ജനതയുടെ മുൻഗണന സമരത്തിൽ നിന്നും മാറി എന്ന് പറയാൻ കഴിയില്ല. അവരിപ്പോഴും ഏതറ്റം വരെയും പോകാൻ തയ്യാറാണ്. അവർക്ക് വേണ്ട ശാക്തിക പിന്തുണ പുറമെ നിന്നും സമരത്തെ പിന്തുണയക്കുന്നവർക്ക് നൽകാൻ കഴിയുന്നില്ല എന്നിടത്താണ് പ്രശ്നം.

**4.** രാഷ്ട്രീയപരമായി അവരെ ശാക്തീകരിക്കാൻ കഴിഞ്ഞിട്ടുണ്ട്. പ്രകൃതിവിഭവങ്ങളുടെ മേലുള്ള അധികാരം തദ്ദേശീയ ജനതയ്ക്ക് വേണമെന്ന രാഷ്ട്രീയ ബോധ്യത്തിലേക്ക് അവർ എത്തിയിട്ടുണ്ട്. ഭൗതിക സാഹചര്യങ്ങളുടെ പിന്നോക്കാവസ്ഥ തന്നെയാണ് അവർക്ക് ഇപ്പോഴും പ്രശ്നങ്ങൾ സൃഷ്ടിക്കുന്നത്.

**5.** സഹനസമരത്തിലൂടെ നേടാൻ കഴിയുന്നതെല്ലാം പ്ലാച്ചിമട നേടിക്കഴിഞ്ഞു എന്ന് പറയാൻ കഴിയില്ല. കൊക്കക്കോളയുടെ ഭൂമിയിൽ പ്രവേശിച്ച് അധികാരം സ്ഥാപിക്കാൻ കഴിയുന്ന തരത്തിലുള്ള സമരം പ്ലാ




ച്ചിമടയിൽ നടന്നിരുന്നു. അതിന്റെ തുടർച്ചയാണ് വേണ്ടത്. കൊക്കക്കോളയ്ക്ക് ക്ഷീണമുണ്ടാക്കാൻ അത്തരം സമരങ്ങൾക്കാണ് കഴിയുന്നത്. കോളയ്ക്ക് ക്ഷീണമുണ്ടായാൽ മാത്രമെ രാഷ്ട്രീയ നേതൃത്വങ്ങൾ അനങ്ങുകയുള്ളു. ഉമ്മൻചാണ്ടിയും കുഞ്ഞാലിക്കുട്ടിയും കെ.എം. മാണിയുമെല്ലാം കോർപ്പറേറ്റ് ഏജന്റുമാരായതിനാൽ അത്രയും തീവ്രമായ സമരം തന്നെ വേണ്ടിവരും. അത്തരത്തിലുള്ള സഹനമാണ് സാഹചര്യങ്ങൾ ആവശ്യപ്പെടുന്നത്. സമര-ഐക്യദാർഢ്യ പ്രവർത്തകർ അത്തരമൊരു ബോധ്യത്തിലേക്ക് എത്തേണ്ടതുണ്ട്.

**6.** സമരം തുടരുന്നതുകൊണ്ട് ആർക്കും അനിശ്ചിതത്വമുണ്ടായിട്ടില്ല. കാരണം ജീവിതത്തിന്റെ ഭാഗമായാണ് പ്ലാച്ചിമടക്കാർ സമരത്തെ കാണുന്നത്. ജീവിതം കൈവിട്ടു കളഞ്ഞിട്ടല്ല അവർ സമരം ചെയ്തത്. ജീവിതത്തേയും സമരത്തേയും ചേർത്തുനിർത്തി. സമരത്തിൽ ഇത്രകാലവും അവർക്ക് ഉറച്ചുനിൽക്കാൻ കഴിയുന്നതും അതുകൊണ്ടാണ്. നീണ്ടുനിൽക്കുന്ന സമരം നടത്തി കൊക്കക്കോളയെ പരാജയപ്പെടുത്താൻ തങ്ങൾ പ്രാപ്തരാണ് എന്നുതന്നെയാണ് പ്ലാച്ചിമടക്കാർ തെളിയിക്കുന്നത്.

**7.** ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കുന്ന കാര്യത്തിൽ വേണ്ടത്ര നടപടികളെടുക്കാൻ രാഷ്ട്രീയ പാർട്ടികൾക്ക് മേൽ സമ്മർദ്ദം ചെലുത്താൻ സമരത്തിന് കഴിയാതെ പോകുന്നുണ്ട്. പ്രധാനകാരണം രാഷ്ട്രീയ പാർട്ടികൾക്ക് ട്രിബ്യൂണൽ യാഥാർത്ഥ്യമാക്കണം എന്ന കാര്യത്തിൽ താത്പര്യമില്ല എന്നതുതന്നെയാണ്. കോർപ്പറേറ്റുകൾക്കെതിരെ അവർക്ക് നിലപാടില്ല. സമര-ഐക്യദാർഢ്യ സമിതികൾ അക്കാര്യത്തിൽ വേണ്ടത്ര മുൻകൈയെടുത്തിട്ടില്ല. ഐക്യദാർഢ്യ സമിതിയിൽ പങ്കാളികളായ പല സംഘടനകളും ഇക്കാര്യത്തിൽ വേണ്ടത്ര താത്പര്യമെടുക്കുന്നില്ല എന്നാണ് എനിക്ക് മനസ്സിലാക്കാൻ കഴിയുന്നത്. പല ഐക്യദാർഢ്യ സംഘടനകളും മറ്റ് ജനകീയ സമരങ്ങൾക്കും കൊടുക്കുന്ന പ്രാധാന്യം പ്ലാച്ചിമടയ്ക്ക് ഇപ്പോൾ നൽകുന്നില്ല.

**8.** കേന്ദ്ര-സംസ്ഥാന സർക്കാറുകൾക്കും ഉദ്യോഗസ്ഥന്മാർക്കും കോള കമ്പനിയുമായുള്ള ബന്ധമാണ് ട്രിബ്യൂണൽ യാഥാർത്ഥ്യമാകുന്നതിന് മുഖ്യ തടസ്സമായി നിൽക്കുന്നത്. ഒരു കോർപ്പറേറ്റ് കമ്പനി ചെയ്ത കുറ്റത്തിന് നഷ്ടപരിഹാരം കൊടുക്കേണ്ട സാഹചര്യം വന്നാൽ മറ്റ് പല കേസുകളിലും

➪ *മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം സമരത്തെ കൈവിട്ട സ്ഥിതിയാണുള്ളത്* ➪



പ്ലാച്ചിമട സമരത്തിന് ഐക്യദാർഢ്യവുമായി പശ്ചിമഘട്ട പരിസ്ഥിതി സംരക്ഷണ വിദഗ്ധസമിതി ചെയർമാൻ പ്രൊഫ. മാധവ് ഗാഡ്ഗിൽ പ്ലാച്ചിമടയിലെത്തിയപ്പോൾ. ആദ്യമായാണ് അദ്ദേഹം പ്ലാച്ചിമടയിലെത്തുന്നത്.

ഇത് പരിഗണിക്കേണ്ടതായി വരും. കോർപ്പറേറ്റുകൾക്ക് വിഷമമുണ്ടാക്കുന്ന അത്തരമൊരു നടപടി സ്വീകരിക്കാൻ ഭരണകൂടം തയ്യാറല്ല. പ്ലാച്ചിമടയ്ക്ക് നീതിലഭിക്കാനും കൊക്കക്കോള ശിക്ഷിക്കപ്പെടാനും വേണ്ടിയുള്ള സമരം ശക്തമായ രീതിയിൽ ഉയർന്നുവന്നാൽ മാത്രമെ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാകൂ. ജനപ്രതിനിധികളെ കണ്ട് നേരിട്ട് നിവേദനം കൊടുത്തിട്ടോ അവരുടെ സഹായം അഭ്യർത്ഥിച്ചിട്ടോ കാര്യമില്ലാത്ത സ്ഥിതിയാണ് ഇപ്പോഴുള്ളത്. അവർക്ക് ഭരിക്കാൻ കഴിയാത്ത അവസ്ഥയുണ്ടാക്കുകയാണ് വേണ്ടത്.

**9.** നിരവധി പേരുടെ കൂട്ടായുള്ള പ്രവർത്തനമാണ് പ്ലാച്ചിമട സമരത്തെ മുന്നോട്ട് കൊണ്ടുപോകുന്നത്. വിവിധ രാഷ്ട്രീയ പാർട്ടികൾ പല കാലങ്ങളിൽ സമരത്തിൽ അണിചേർന്നെങ്കിലും ചുരുക്കം ചില സംഘടനകളും കേരളത്തിലെ പരിസ്ഥിതി-പ്രതിരോധ പ്രവർത്തകരും മാത്രമാണ് എക്കാലത്തും സമരത്തോടൊപ്പം നിന്നത്. പ്ലാച്ചിമടയുമായി അവിടെയുള്ള ജനങ്ങളുമായും ആത്മബന്ധമുണ്ടായ പുറത്ത് നിന്നുള്ള സമരപ്രവർത്തകരെല്ലാം ഇപ്പോഴും പ്ലാച്ചിമടയുടെ നീതിക്കായി മുൻകൈയെടുക്കുന്നുണ്ട്. മുഖ്യധാരാ മാധ്യമങ്ങൾ ഒരു പ്രത്യേക കാലഘട്ടത്തിൽ മാത്രമാണ് സമരത്തെ പിന്തുണച്ചിരുന്നത്. ആ തുടർച്ച അവർ കൈവിട്ടതുകൊണ്ട് പൊതുസമൂഹത്തിന് ഇപ്പോൾ പ്ലാച്ചിമടയിൽ നടക്കുന്ന സമരപരിപാടികൾ പലതും അറിയാൻ കഴിയാത്ത അവസ്ഥയാണുള്ളത്. അത് അവരുടെ പിന്തുണ കുറയുന്നതിന് കാരണമായിട്ടുണ്ട്. മുഖ്യധാരാ രാഷ്ട്രീയ പാർട്ടികളെല്ലാം സമരത്തെ കൈവിട്ട സ്ഥിതിയാണുള്ളത്. കത്തിനിൽക്കുന്ന ഒരു പ്രശ്നം എന്ന നിലയിൽ മാത്രമാണ് അവർ സമരത്തെ പിന്തുണച്ചിരുന്നത്. സമര നേതൃത്വത്തോടുള്ള ചില എതിർപ്പുകൾ കാരണം പ്ലാച്ചിമട സമരത്തെ ദുർബലപ്പെടുത്താനായി കായികശേഷി ഉപയോഗിക്കുകയാണ് പെരുമാട്ടി പഞ്ചായത്ത് ഇപ്പോൾ ഭരിക്കുന്ന രാഷ്ട്രീയ കക്ഷി. ഇത്തരം പ്രതിസന്ധികളെയെല്ലാം തിരിച്ചറിഞ്ഞുകൊണ്ട് തന്നെയാണ് പ്ലാച്ചിമട സമരം മുന്നോട്ട് പോകുന്നത്. പ്ലാച്ചിമടയിലെ ആദിവാസി ജനതയ്ക്ക് സമരം വിജയപ്പിക്കാൻ കഴിയില്ലെന്നാണ് കൊക്കക്കോള പണ്ട് വിചാരിച്ചിരുന്നത്. എന്നാൽ പിന്നീട് അവർക്ക് ജനങ്ങളുടെ ശക്തി ബോധ്യമായി. ഏതുവിധേനെയും അതിനെ പരാജയപ്പെടുത്താനാണ് കോള ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിനെ ചെറുക്കാൻ പ്ലാച്ചിമടയുടെ സമര ശക്തി ഇപ്പോഴും പര്യാപ്തമാണ്.

**10.** തദ്ദേശീയ വിഭവങ്ങളുടെ പരിരക്ഷണത്തിനുള്ള അധികാരം പ്രാദേശിക ജനതയ്ക്ക് നൽകുന്ന തരത്തിൽ അധികാര വികേന്ദ്രീകരണ തത്വങ്ങളെ സമരത്തിന് പരിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ല. എന്നാലും ആ മുദ്രാവാക്യം ഫലപ്രദമായി മുന്നോട്ട് വയ്ക്കാൻ കഴിഞ്ഞ സമരമാണ് പ്ലാച്ചിമട സമരം. പ്ലാച്ചിമട സമരത്തിന്റെ രാഷ്ട്രീയ പ്രാധാന്യവും അതാണ്. വിഭവങ്ങളുടെ അധികാരം തദ്ദേശീയ ജനതയ്ക്ക് നൽകുക എന്ന മുദ്രാവാക്യത്തിന് മാത്രമാണ് ഇനി പരിസ്ഥിതി സംരക്ഷിക്കാൻ കഴിയുന്നത്. പ്രകൃതിയെ രക്ഷിക്കൂ, പരിസ്ഥിതി സംരക്ഷിക്കൂ എന്നെല്ലാം പറഞ്ഞുകൊണ്ട് നടക്കുന്ന സമരങ്ങൾ ഈ മുദ്രാവാക്യമാണ് മുന്നോട്ട് വയ്ക്കേണ്ടത്. എങ്കിലേ ആത്യന്തികമായി പരിസ്ഥിതിയും വിഭവങ്ങളും സംരക്ഷിക്കപ്പെടുകയുള്ളൂ. ■